**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2061** **21-06-2024 - ൽ മറുപടിയ്ക്ക്**

**റോഡുകളുടെ നിർമ്മാണ കാലാവധി ദീർഘിപ്പിക്കൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ മാത്യു ടി. തോമസ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | തിരുവല്ല മണ്ഡലത്തിലെ റോഡുകളുടെ പുനരുദ്ധാരണത്തിനായി ദുരന്തനിവാരണ വകുപ്പിൽ നിന്നും 22.02.2021 ലെ 269/2021/ഡി.എം.ഡി. ഉത്തരവ് പ്രകാരം തുക അനുവദിച്ചിട്ടുള്ള പ്രവൃത്തികളുടെ നിർമ്മാണ കാലാവധി ദീർഘിപ്പിക്കുന്നതിനായി നൽകിയ അപേക്ഷയിന്മേൽ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ? | (എ) | 22.02.2021 ലെ സ.ഉ (സാധാ) നം. 269/2021/ ഡി.എം.ഡി. പ്രകാരം ഭരണാനുമതി നൽകിയിരുന്ന തിരുവല്ല നിയോജകമണ്ഡലത്തിൽ ഉൾപ്പെട്ട 19 റോഡ് പ്രവൃത്തികളുടെ കാലാവധി ദീർഘിപ്പിക്കുന്നതിനായി 20.02.2023 ൽ പത്തനംതിട്ട ജില്ലാ കളക്ടറേറ്റിൽ ലഭിച്ച അപേക്ഷ സംബന്ധിച്ചുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു<br><br>i)6 റോഡ് പ്രവൃത്തികൾ പൂർത്തീകരിച്ചു<br><br>ii) 4 പ്രവൃത്തികൾക്ക് ആസ്തി രജിസ്റ്റർ പ്രകാരം പേരുകളിൽ തിരുത്തൽ വരുത്തുകയും പുതുക്കിയ നിർവാഹണാനുമതി നല്കുകയും ചെയ്തിട്ടുണ്ട്.<br><br>iii) ശേഷിക്കുന്ന പ്രവൃത്തികളുടെ കാലാവധി ദീർഘിപ്പിക്കുന്നതു സംബന്ധിച്ച് നിലവിൽ തീരുമാനമെടുത്തിട്ടില്ല. . |

സെക്ഷൻ ഓഫീസർ